# 70 വർഷമായ  ഇന്ത്യൻ സ്വാതന്ത്ര്യം

ബാബു പാലത്തും പാട്ട്



കയ്യിൽ കിട്ടിയാലും ഏതു നിമിഷവും കൈവിട്ട് പോകാൻ സാധ്യതയുള്ള ഒന്നാണ് സ്വാതന്ത്ര്യം.
എക്കാലവും തങ്ങൾ സ്വതന്ത്രരായിരിക്കുമെന്നാണ് കഷ്ടപ്പെട്ട് സ്വാതന്ത്ര്യം നേടിയവർ ചിന്തിക്കുന്നത്.
സ്വാതന്ത്ര്യം കിട്ടിക്കഴിയുമ്പോൾ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം തീരുന്നു.
എന്നാൽ, സ്വാതന്ത്ര്യം സൂക്ഷിക്കാനുള്ള സമരം ഒരിക്കലും തീരാത്ത സമരമാണ്.
ആ വാസ്തവം ഓർക്കാതെ പൊതുജനം പല കാര്യങ്ങളിലും അലസരായിത്തീരും.
അവരുടെ അലസത മുതലെടുത്ത്, ഭരണം കൈയ്യാളുന്നവർ കൊളോണിയലിസ്റ്റുകളാകും. അവർ ജനാധിപത്യം ഉപയോഗിച്ചുതന്നെ ജനാധിപത്യത്തിനു വിലങ്ങുകൾ തീർക്കും.
പൊതുജനം തിരിച്ചറിയും മുൻപുതന്നെ നേതാക്കന്മാർ പൊതുജനത്തിന്റെ സ്വാതന്ത്ര്യം കൈക്കലാക്കും.
വിദേശികളിൽ നിന്ന് സ്വാതന്ത്ര്യം തിരിച്ചു പിടിക്കുന്നതിലും ബുദ്ധിമുട്ടാണ് സ്വദേശികളായ നേതാക്കളിൽ നിന്നും സ്വാതന്ത്യം കിട്ടുന്നത് എന്ന് ജനം തിരിച്ചറിയുമ്പോഴേക്കും സമയം അതിക്രമിച്ചിരിക്കും.
വിദേശ അടിമത്വത്തിന് പകരം സ്വദേശി അടിമത്വത്തിൻ കീഴിലാകാതെ ജാഗരൂകരായി ഇരിക്കേണ്ടതിന്റെ ആവശ്യകത അവർ ദുഖത്തോടെ മനസ്സിലാക്കും .

മിക്ക പാശ്ചാത്യ രാജ്യങ്ങളിലും പൊതുജനത്തിന്റെ ജാഗരൂകതയെയാണ് ഭരണാധികാരി കൾ ഭയക്കുന്നത്.
ആ ഭയം അത്തരം നാടുകളുടെ വികസനത്തിന് സഹായകരമാകുകയും ചെയ്യുന്നു.

(ഉത്തർപ്രദേശിൽ 32 പിഞ്ചുകുഞ്ഞുങ്ങൾ ഓക്സിജൻ കിട്ടാതെ മരണമടഞ്ഞ സ്ഥാനത്ത് ജർമ്മനി പോലുള്ള രാജ്യങ്ങളിൽ ഒരു കുഞ്ഞെങ്കിലും അങ്ങനെ മരിച്ചു എന്ന് തെളിഞ്ഞാൽ ആശുപത്രിക്കാരും കേന്ദ്ര ആരോഗ്യമന്ത്രിയും ഉൾപ്പെടെ ആരൊക്കെ ഉത്തരം പറയേണ്ടി വരുമെന്നു നേരിട്ട് മനസ്സിലാക്കേണ്ടിയിരിക്കുന്നു. )

രണ്ടാം ലോകയുദ്ധത്തിനുശേഷം ഇന്ത്യയെപ്പോലെതന്നെ , തെക്കുകിഴക്കൻ ഏഷ്യയിലും ആഫ്രിക്കയിലും, കൊളോണിയൽ മേൽക്കോയ്മയിൽനിന്ന് പല രാജ്യങ്ങളും സ്വാതന്ത്ര്യം പ്രാപിക്കുകയുണ്ടായി.
എന്നാൽ ഇന്ത്യയിൽ മാത്രമാണ് സുസ്ഥിരമെന്നു തോന്നിയ പാർലമെന്ററി സമ്പ്രദായം നിലനിന്നത്.
മറ്റിടങ്ങളിൽനിന്നും വ്യത്യസ്തമായി , ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിത്തറ പാകിയത് ചരിത്രത്തിൽ ഏറ്റവും സ്വീകാര്യത നേടിയ തത്വങ്ങളായിരുന്നു എന്നതായിരിക്കാം അതിനു കാരണം.
പാർലമെന്ററി മര്യാദകളോട് ബഹുമാനം വെച്ചുപുലർത്തിയ ആദ്യകാല നേതാക്കന്മാരും മന്ത്രിമാരും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് പ്രത്യേക മാനങ്ങൾ നൽകി.
ഇന്ത്യൻ രാഷ്ട്രീയം പാർലമെന്ററി സമ്പ്രദായത്തിൽ ഒതുങ്ങിനിന്നു.
അഴിമതി കൈവിട്ടു പോകാൻ നേതാക്കൾ ഇടയാക്കിയില്ല .
രാഷ്ട്രീയക്കാർ അഴിമതി ഭൂഷണമായി കരുതിയില്ല.
അഴിമതിയിൽ പെടാത്ത മന്ത്രിമാർ പോലും ഗൗരവമേറിയ കേസുകൾ പുറത്തു വന്നപ്പോൾ ഉത്തരവാദിത്വത്തിന്റെ പേരിൽ രാജിവെച്ച് ധാർമിക ബാധ്യത ഏറ്റെടുത്തു......
സാഹിത്യത്തിലും ചിത്രരചനയിലും സിനിമയിലും നാടകങ്ങളിലും നൃത്ത-സംഗീതകലകളിലും ശാസ്ത്രരംഗത്തും ഉത്കൃഷ്ട സംഭാവനകൾ ഉണ്ടായി .
അങ്ങനെ ബഹുമാനിതയായിത്തീർന്ന ഇന്ത്യ പെട്ടെന്ന് ചില ഏകാധിപത്യ രാജ്യങ്ങളെപ്പോലെയായി.
വിദേശികളിൽ നിന്ന് നാം പൊരുതി വാങ്ങിയ സ്വാതന്ത്ര്യം സ്വദേശിയായ ഇന്ദിരാഗാന്ധി കൈയ്യടക്കി .

അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചും പൗരസ്വാതന്ത്ര്യം ഇല്ലാതാക്കിയും ഇന്ദിരാഗാന്ധി ,"ഇന്ത്യ എന്നാൽ ഇന്ദിര" എന്ന് ആക്കിത്തീർത്തു .
അതിനുശേഷം ഇന്നുവരെ പൂർണമായ സ്വാതന്ത്ര്യം ഇന്ത്യയിൽ ഉണ്ടായിട്ടില്ല.
അതിനു പ്രധാന കാരണം, തിരഞ്ഞെടുപ്പ് എന്നസുന്ദര തലക്കെട്ടിൽ നിലനിർത്തിയ ജനാധിപത്യ വിരുദ്ധമായ കുടുംബവാഴ്ചയും പാർട്ടി ഭേദമന്യേ നാടെങ്ങും നടമാടിയ അഴിമതി സംസ്കാരവും ആണ്.
ഭരണത്തിന്റെ ജീവനാഡിയായി അഴിമതി പരിലസിച്ചു.
തിരഞ്ഞെടുപ്പുകളെ പണം കീഴടക്കി.
കള്ളപ്പണക്കാരും മാഫിയ നേതാക്കന്മാരും എം.എൽ.എ.യും മന്ത്രിയും മറ്റുമായി.
("കു.........വൈറ്റ് കുഞ്ഞാണ്ടി" കൾ, തങ്ങൾ വാങ്ങുന്ന അടിവസ്ത്രങ്ങളുടെ പണംവരെ സർക്കാർ ഖജനാവിൽനിന്നും കൈക്കലാക്കി .)

ജനഹിതമനുസരിച്ചുള്ള ഭരണം എന്ന തത്വം അട്ടിമറിക്കപ്പെട്ടെങ്കിലും അടിസ്ഥാനപരമായ പൗരസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും തടസ്സപ്പെട്ടിരുന്നില്ല.
പ്രധാനമന്ത്രിമാരെപ്പോലും പരസ്യമായി വിമർശിക്കാൻ നമുക്ക് സാധിക്കുമായിരുന്നു.
ഇന്ന് അതത്ര എളുപ്പമുള്ള സംഗതിയല്ല .
2014–ലെ തെരഞ്ഞെടുപ്പിൽ ലോക്സഭ ബി.ജെ.പി. കയ്യടക്കിയതോടുകൂടി ജനാധിപത്യത്തിന്റെ നിലനില്പിന് ക്ഷതമേൽപ്പിക്കുന്ന കൈകടത്തലുകൾ ഉണ്ടായി ത്തുടങ്ങി .
ബി.ജെ.പി. യിലെ മുതിർന്ന നേതാക്കന്മാർ പുറംതള്ളപ്പെട്ടു.
നരേന്ദ്രമോദി ആർക്കും ചോദ്യംചെയ്യാനാവാത്ത ഒറ്റയാൻ അധികാര കേന്ദ്രമായി സ്വയം രൂപപ്പെടുത്തിത്തുടങ്ങി.
എവിടെയും എപ്പോഴും കാണപ്പെട്ട മോദി പ്രഭാവവും, ഒരിടത്തും പ്രത്യക്ഷപ്പെടാത്തആർ.എസ്.എസ്. ശക്തി കേന്ദ്രവും കാര്യങ്ങൾ നിയന്ത്രിച്ചു .
വിശാലമായ കാഴ്ചപ്പാടുകളുടെ വാചാലമായ വിശദീകരണങ്ങൾ നൽകി മോദി യുവാക്കളെ കൈയ്യിലെടുത്തു.
സാധാരണക്കാരുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ആർ.എസ്.എസും കൂട്ടരും നിയന്ത്രിച്ചു തുടങ്ങി.
ഇന്ന് മോഡിയും ആർ.എസ്.എസ്സും. ചേർന്ന ഒരു സംവിധാനം ഇന്ത്യൻ ജീവിതം എങ്ങനെയായിരിക്കണം എന്ന് തീരുമാനിക്കാൻ ശ്രമിക്കുന്നു ......

അവർക്ക് ലക്ഷ്യം ഒന്നേയുള്ളു :
ഇന്ത്യയെ ഉടച്ചുവാർക്കുക. ഭാരതം എന്ന പുതിയൊരു രാഷ്ട്രസങ്കൽപം സാക്ഷാത്കരിക്കുക.
നിർഭാഗ്യവശാൽ ആ സങ്കൽപം നമുക്കു പരിചിതമായ പുരാതന ഭാരത സങ്കൽപമല്ല.
ആർഷഭാരതം സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും തത്ത്വവൈവിധ്യങ്ങളുടെയും വിഹാരരംഗമായിരുന്നു.
നേർവിപരീതമായ ഒരു ഭാരതമാണ് കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയക്കാർക്ക് ആവശ്യം.
ആർ.എസ്.എസ്. സ്വേച്ഛാധിപത്യത്തിൽ ഉറപ്പിച്ച പുതിയ ഒരു ഇനം ഭാരതം ആണത്.
അതിനായി, എല്ലാ സംസ്ഥാനങ്ങളെയും കീഴ്പ്പെടുത്തി, എല്ലാ പ്രതിപക്ഷ പാർട്ടികളെയും ഇല്ലാതാക്കി, ഒറ്റപാർട്ടി ആധിപത്യം സ്ഥാപിക്കാൻ, ഏതു തന്ത്രവും എത്ര പണവും രംഗത്തിറക്കാൻ അവർ തയ്യാറാകുന്നു.
ചൈനയിലെ കമ്മ്യൂണിസ്റ്റ് അധികാരകേന്ദ്രം പോലെ ആയിത്തീരുക ........??????
ചൈനയിൽ കൃഷ്ണനും രാമനും "ഗോ മാതാ" യും ഇല്ല എന്നിവർ ഓർക്കുന്നില്ല .

*************